മാരാരുടെ ഇതിഹാസപാത്രനിരൂപണം: ചില നോട്ടക്കുറവുകൾ

വി. വി. ഗോവിന്ദൻനായർ



മാരാരുടെ ഇതിഹാസപാത്രനിരൂപണം: ചില നോട്ടക്കുറവുകൾ

വി. വി. ഗോവിന്ദൻനായർ
(മലയാളം: ലേഖനം)

© 2026, V. V. Govindannair

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Death of Maricha, a painting by K Venkatappa (1886–1965). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മാരാരുടെ ഇതിഹാസപാത്ര നിരൂപണം: ചില നോട്ടക്കുറവുകൾ

വാല്മീകിരാമായണത്തിലെയും വ്യാസമഹാഭാരതത്തിലെയും കഥാപാത്രങ്ങളെ മലയാളികൾക്ക് യഥാതഥം പരിചയപ്പെടുത്തിക്കൊടുക്കാൻ അർപിതചേതസ്സായി പ്രയത്നിച്ചപോന്ന നിരൂപകനാണ് കുട്ടികൃഷ്ണമാരാര്. ആ മഹോദ്യമത്തിൽ അദ്ദേഹത്തിന് പിണഞ്ഞതായി എനിക്കു തോന്നുന്ന ചില നോട്ടക്കുറവുകളാണ് ഇവിടെ എടുത്തുകാട്ടുന്നത്.

രാമൻ

വാല്മീകിയുടെ രാമന്റെ രാജ്യത്യാഗത്തെപ്പറ്റി മാരാര്ക്ക് പറയാനുള്ളതിതാണ്: "രാമന്നിതിൽ (അഭിഷേകവിഘ്നത്തിൽ) ഒരു വിഷാദവുമില്ലായിരുന്നു എന്നല്ല കവി പറയുന്നത്. അദ്ദേഹം അതു് വാക്കിലോ മുഖത്തോ വെളിപ്പെടുത്താതെ കഴിച്ചു എന്നാണ്." തുടർന്ന്, കൈകേയിയുടെ നേർക്ക് ഈർഷ്യയും ദശരഥൻ ദുഃഖിക്കുന്നതിൽ ആശ്വാസവും ഭരതനോട് അസൂയയും രാമന്നുണ്ടായിരുന്നുവെന്ന് സപ്രമാണം സമർഥിച്ചശേഷം അദ്ദേഹം പറയുന്നതിതാണ്: "രാജകടുംബത്തിൽ ജനിച്ച് പ്രജകളുടെയെല്ലാം കണ്ണിലുണ്ണിയായി ഒരിക്കലും ഒന്നിനും ഇച്ഛാഭംഗപ്പെടേണ്ടതില്ലാതെ അന്തസ്സിൽ വളർന്നുവന്ന രാമന്ന്—ആരബ്ബയൗവനനായ ആ രാജകുമാരന്ന്—ഇത്രയെങ്കിലും സാധിച്ചതുതന്നെ അദ്ഭുതമാണ്. അദ്ദേഹത്തിന്റെ ആത്മനിയന്ത്രണം സാമാന്യമനുഷ്യർക്ക് തീരെ ദുഷ്കരപവുമാണ്. (രാജാങ്കണം—വാല്മീകിയുടെ രാമൻ) .

അത്രയും ശരി. എന്നാൽ, രാമന്റെ രാജ്യത്യാഗം ക്ഷത്രധർമവിരുദ്ധമാണെന്നു ഭരതനും കലധർമ്മവിരുദ്ധമാണെന്നു വസിഷ്ഠനും ചൂണ്ടിക്കാട്ടുന്നുണ്ട്. രാമൻ അതു് നിഷേധിക്കുന്നുമില്ല. എന്നിട്ടും അദ്ദേഹം വനവാസത്തിൽ ഉറച്ചുനിന്നത് സത്യവ്രതത്തിന്റെ പേരിലാണ്. പക്ഷേ, ദശരഥൻ അശ്വപതിയ്ക്കു രാജ്യശുല്കം വാഗ്ദാനം ചെയ്തതറിഞ്ഞുകൊണ്ട് രാമൻ സ്വാഭിഷേകത്തിന് സമ്മതിച്ചപ്പോൾ പിതാവിന്റെ സത്യലംഘനത്തിന് കൂട്ടനില്ലകയാണല്ലോ ചെയ്തത്. എന്നിരിയ്ക്കെ, വസിഷ്ഠോപദേശം വകവെക്കാതെ വനവാസത്തിൽ ഉറച്ചുനിന്നത്, മറിച്ച് ചെയ്താലുണ്ടാവുന്ന യശോഹാനിയെ ഭയന്നതുകൊണ്ടാവണം. രാമന്റെ രാജ്യത്യാഗത്തിന്റെ അടിക്കുമടിയിൽ കിടക്കുന്ന ഈ യശഃകാമം മാരാര് ശ്രദ്ധിച്ചതായിത്തോന്നുന്നില്ല.

രാവണവധാനന്തരം അയോധ്യക്ക് തിരിച്ചു പോകംവഴി ഭരതനെ വിവരമറിയിപ്പാൻ താൻ പറഞ്ഞുവിട്ട ഹനുമാന്ന് രാമൻ നൽകിയ നിർദേശം ഇതാണ്:

> അറിയിക്ക ഭരതനെ-
> സ്സൌമ്യ, ഞാൻ വന്നടുത്തതും
> അരക്കർകോനൊടും കീശ-
> പ്പെരുമാളോടുമൊപ്പമേ
> മാറ്റാരെ വെന്നത്തമമാം
> കീർത്തിയും നേടി രാഘവൻ
> വരുന്നുണ്ട് സമൃദ്ധാർഥൻ
> കെൽപേറും ഗുറുകാരുമായ്
>
> .....
>
> സംസർഗാൽ ഭരതൻ ശ്രീമാൻ
> താനും രാജ്യാർഥിയെങ്കിലോ
> വാണകൊള്ളട്ടെയീട്ടറ്റ
> മന്നെല്ലാം രഘുനന്ദനൻ.

ഇതു മുൻനിർത്തി മാരാര് പറയുന്നു: "ഈ എടുത്തു ചേർത്തവയിൽ ഒടുവിലത്തെ പദ്യത്തിൽ ഒരുദാരാശയത്വം പ്രത്യക്ഷമാക്കിയിട്ടുണ്ടെങ്കിൽ, ആദ്യത്തെ രണ്ടു പദ്യത്തിൽ ഭരതന്നുള്ള ഒന്നാംതരം ഒരു ഭീഷണിയാണുള്ളതെന്നും കാണാം"

കൈകേയി ദശരഥനോടാവശ്യപ്പെട്ട രണ്ടു വരങ്ങളിൽ രാമന്റെ വനവാസത്തിന്നമാത്രമാണ് പതിനാലു കൊല്ലത്തെ കാലാവധി; ഭരതൻ എന്നേക്കുമായി രാജാവാവുകയാണ് അവരുടെ ആവശ്യം. രാമൻ രാജ്യം സ്വീകരിക്കാൻ ഒരു തരത്തിലും വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ ഭരതൻ പ്രായോപവേശത്തിന്നുപോലും ഒരുങ്ങി, അതിനെത്തുടർന്നാണ്, വനവാസം കഴിഞ്ഞ് തിരിച്ചുവന്നാൽ താൻ ഭരതനോടൊപ്പം നാടിന്ന് നാഥനാവാമെന്ന് രാമൻ സമ്മതിച്ചത്. (ഭ്രാതാ സഹ ഭവിഷ്യാമി പൃഥിവ്യാം പതിരുത്തമഃ) ചുരുക്കത്തിൽ, ഭരതന്ന് രാജ്യം എന്നേക്കുമായി വിട്ടുകൊടുത്ത് ദശരഥന്റെ വരദാനം സത്യമാക്കാനാണ് രാമൻ ഉദ്ദേശിച്ചതെങ്കിലും അത് പൂർണമായും പാലിക്കാനാവാത്ത അവസ്ഥയിലേക്ക് ഭരതൻ അദ്ദേഹത്തെ കൊണ്ടെത്തിക്കുകയായിത്തന്നു. അതുകൊണ്ട്, ഭരതനു വല്ല മനംമാറ്റവും വന്നുവെങ്കിൽ പിതൃവാക്യം പൂർണമായും സത്യമാക്കാനാണ് ഭരതൻതന്നെ രാജാവായിത്തുടർന്നോട്ടെ എന്ന് രാമൻ പറഞ്ഞത്. രാമന്റെ ഉദാരാശയത്വമല്ല നിശ്ചയദാർഢ്യമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

ആ രാമൻ ഭരതനെ എന്തിനു ഭീഷണിപ്പെടുത്തണം? കാട്ടിലേക്കു പോയ രാമനും സീതയും ലക്ഷ്മണനും മാത്രമല്ല ഇപ്പോൾ അയോദ്ധ്യയിലേക്ക് പോരുന്നത്. വാനര-രാക്ഷസ രാജാക്കന്മാരും അകമ്പടികളുമായി ഒരു ജനാവലിതന്നെ അവർക്കൊപ്പമുണ്ട്. അവരെ യഥോചിതം സ്വീകരിച്ചാനയിച്ച് പാർപ്പിടവും ഭക്ഷണവും മറ്റും ഒരുക്കാൻ വേണ്ട സമയം നൽകാനാവണം രാമൻ ഭരതനെ കാലേക്കൂട്ടി വിവരമറിയിച്ചത്.

രാമന്റെ സീതാത്യാഗത്തെ മാരാര് ഇങ്ങിനെ വിലയിരുത്തുന്നു: "രാജ്യലക്ഷ്മിയെ പരിലാളിച്ച തന്റെ പ്രാഭവം ആസ്വദിക്കുന്നതിൽ സീത ഒരു കരടായിക്കിടക്കുന്നു എന്നു വന്നപ്പോൾ, അദ്ദേഹം അവളെ എടുത്തു ദൂരെ വലിച്ചെറിഞ്ഞു."

ഇങ്ങിനെയൊരു നിഗമനത്തിലേക്ക് ഒരു സൂചനപോലും രാമായണത്തിലില്ല. സീതാത്യാഗത്തിന്ന് കാരണമായി അതിൽപ്പറയുന്നത് രാമന്റെ അപവാദഭീതിമാത്രമാണ്—രാമൻ രണ്ടു തവണയും വാല്മീകി മുന്നു തവണയും ലക്ഷ്മണനും സീതയും ഓരോ തവണയും. ലങ്കയിൽവെച്ച് തീയിൽച്ചാടിയ സീതയെ തടുക്കാത്തതെന്തെന്ന അഗ്നിദേവന്റെ ചോദ്യത്തിന്ന് രാമന്റെ ഉത്തരം, സീതയുടെ ശുദ്ധി പരിശോധിച്ചില്ലെങ്കിൽ ആളുകൾ തന്നെ മൂഢനായ കാമാത്മാവെന്ന് പറയും എന്നാണ്. അന്നദ്ദേഹം രാജാവായിരുന്നില്ല. ഒരു പുരുഷനെന്ന നിലക്ക് തനിക്ക് നേരിടേണ്ടിവരാവുന്ന ചിത്തപ്പേരിനെയാണ് അദ്ദേഹം പേടിച്ചത്. രാജപദവിയുമായി അതിന്ന് ഒരു ബന്ധവുമില്ല. ഇതിൽനിന്നുതന്നെ, "പണ്ടു രാമൻ പുറത്തു കാണിപ്പാൻ കൊള്ളരുതാത്ത തന്റെ പുരുഷാധികാരത്തെ പ്രജാഹിതപാലനം എന്ന വിശുദ്ധാദർശം കൊണ്ടു മൂടിപ്പൊതിഞ്ഞുവെച്ചു" എന്ന് മാരാര് 'ചർച്ചായോഗ'ത്തിലെ 'ആശാന്റെ സീതയെപ്പറ്റി' എന്ന ലേഖനത്തിൽ പറയുന്നത് നിരാധാരമാണെന്ന് വ്യക്തം. അപവാദഭീതിയാണ് സീതാ ത്യാഗത്തിന്ന് ഹേതുവെന്ന് രാമൻ ഭ്രാതാക്കന്മാരോടും വാല്മീയോടും ഇറന്നുപറഞ്ഞിട്ടുണ്ട്; പ്രജാഹിതപാലനമെന്ന് ഒരിക്കലും സൂചിപ്പിച്ചിട്ടുപോലുമില്ല.

രാജപദവിയുപേക്ഷിച്ച് വാനപ്രസ്ഥം കൈക്കൊള്ളാമായിരുന്നില്ലേ രാമന്ന് എന്ന് ചിലർക്ക് ചോദിക്കാൻ തോന്നാം. അതുകൊണ്ട് ചിത്തപ്പേരിന്ന് ആക്കം കൂട്ടുകയേ ഉള്ളൂ—പെണ്ണിന്നവേണ്ടി പ്രജാപാലനമുപേക്ഷിച്ചവൻ എന്ന്, കൂടാതെ, രാമൻ ജീവിച്ചിരിയ്ക്കെ അദ്ദേഹത്തിന്റെ ഒരനുജനും രാജാവാകാൻ കൂട്ടാക്കില്ല. രാജ്യം അരാജകമാവും.

സീതാത്യാഗം ധർമഭംശമാണെന്ന മാരാരുടെ മതം തികച്ചും രാമായണ സമ്മതമാണ് ഇതിലെന്തു ധർമമെന്നു ചോദിച്ച ലക്ഷ്മണൻ ലോകനിന്ദിതമെന്നും നൃശംസമെന്നും യശോഹരമെന്നുമാണ് അതിനെ വിശേഷിപ്പിച്ചത്; ലോകാപവാദകല്പഷീകൃതചേതസ്സായിച്ചെയ്ത ആ തെറ്റ് തിരുത്താനാണ് വാല്മീകി രാമന്നോടാവശ്യപ്പെട്ടത്; കലധർമം കെടുത്തരുതെന്ന് ഉപദേശിച്ച കലഗുരുവോട് സത്യവ്രതമാണ് താൻ പാലിക്കുന്നതെന്നു വാദിച്ചു നിന്ന രാമൻ സീതാത്യാഗത്തെ ഒരു തരത്തിലും സാധൂകരിയ്ക്കാതെ വാല്മീകിയോട് മാപ്പു ചോദിക്കുകയാണു ചെയ്തതും.

ചുരുക്കിപ്പറഞ്ഞാൽ, "രാമചരിതത്തിന്റെ രഹസ്യം, സീതാത്യാഗമുൾപ്പെടെ, രാജ്യലോഭം-പ്രാഭവേച്ഛ എന്നതിൽ അടങ്ങിയിരിക്കുന്നു." എന്ന മാരാരുടെ നിരീക്ഷണം മിഥ്യയാണ്. യശോധനത്വത്തിന്നുവേണ്ടി പാടുപെട്ട രാമചന്ദ്രൻ ആചന്ദ്രതാരം—രാമായണമെന്ന വിശ്വമഹാകാവ്യം നിലനിൽക്കുന്നിടത്തോളം—തീരാത്ത ദുര്യശസ്സിന്നു പാത്രമായിച്ചമഞ്ഞു" എന്ന ദർശനമാണ് സത്യത്തോട് ചേർന്നു നിൽക്കുന്നത്. (യശോഹരമെന്ന് ലക്ഷ്മണൻ പറഞ്ഞ സീതാത്യാഗം യശസ്കരമായിട്ടാണ് കലാശിച്ചതെങ്കിൽ, അതു് രാമായണം വായിക്കാത്ത രാമഭക്തൻമാരുടെ മിടുക്ക്.)

സീത

ദണ്ഡകാരണ്യത്തിൽവെച്ച് സീത ലക്ഷ്മണനോടു പറഞ്ഞ പരുഷവാക്കുകളെ മാരാര് ഇങ്ങിനെ വിമർശിക്കുന്നു: "മായാമൃഗകഥയിൽ സീത തന്നിക്കാവൽ നിന്നിരുന്ന ഭർത്യസഹോദരനെ തെറിപറഞ്ഞു് ആട്ടിയകറ്റിയതുമൂലമാണല്ലൊ രാവണന്ന് അവളെ എളുപ്പത്തിൽ തട്ടിക്കൊണ്ടുപോകവാൻ സാധിച്ചത്. എത്ര ലഘുവായാലും സതിത്വവിരുദ്ധമായ ഒരു മനോവൃത്തിയിൽനിന്നല്ലാതെ അത്തരം തെറിവാക്ക് പുറപ്പെടുവാൻ നിവൃത്തിയില്ല." "സുദുഷ്ടസ്സ്വിം വനേ രാമമേകാനുഗച്ഛസി മമ ഹേതോഃ പ്രതിച്ഛന്നഃ പ്രയുക്തോ ഭരതേന വാ" (ദന്തഗോപുരം—ഇതിഹാസകഥാപാത്രങ്ങൾ) .

തന്നെ നേടാൻ വേണ്ടിയോ ഭരതൻ പറഞ്ഞയച്ചിട്ടോ ദുഷ്ടലാക്കോടെയാണ് ലക്ഷ്മണൻ രാമനെ പിൻതുടരുന്നതെന്ന് സത്യമായും സീത സംശയിച്ചിരുന്നുവെങ്കിൽ, ആപദ്ഗ്രസ്തനെന്നു താൻ കരുതുന്ന രാമന്നടുത്തെയ്ക്ക് അയാളെ പറഞ്ഞു വിടുമോ? വിപരീതഫലമല്ലേ അതുകൊണ്ടുണ്ടാവുക? ലക്ഷ്മണൻ രാമനെ കാട്ടിലേക്കു പിൻതുടർന്നപ്പോൾ ഭരതൻ സ്ഥലത്തുണ്ടായിരുന്നില്ല. കാട്ടിൽവെച്ചുള്ള ഭ്രാതൃസമാഗമം സീതയുടെ കൺമുന്നിൽ വെച്ചാണുതാനും. അതുകൊണ്ട്, 'പ്രയുക്തോ ഭരതേന' എന്നല്ല സീത അറിഞ്ഞുകൊണ്ട് പറഞ്ഞ ഒരസത്യമാണ്, അതു പോലെത്തന്നെ "മമ ഹേതോഃ" എന്നതും. എന്തിന് ഈ അസത്യപ്രയോഗം?

ലക്ഷ്മണൻ പോയാൽ രാമനെ രക്ഷിച്ചുകൊണ്ടുവരും എന്നാറപ്പാണ് സീതയ്ക്ക് പക്ഷേ, ജ്യേഷ്ഠാജ്ഞ ലംഘിച്ച് അയാൾ പോകണമെങ്കിൽ രാമബാണത്തിലും കവിഞ്ഞ മൂർച്ചയുള്ള വാക്ശരങ്ങൾ തന്നെ പ്രയോഗിക്കണമെന്ന കണ്ടിട്ടാണ് അവൾ അത്രയും കടത്തിപ്പറഞ്ഞത്. ഭർതൃസഹോദരനിലുള്ള ദുശ്ശങ്കയല്ല ഭർതൃരക്ഷയിലുള്ള വ്യഗ്രതയാണ് ഇവിടെ ആവിഷ്കൃതമായ ഭാവം മഹാഭാരതത്തിലെ ദുഃഷന്തൻ ശകന്തളയെ അവളുടെ അച്ഛനമ്മമാരെയും ചേർത്ത് അധിക്ഷേപിച്ചവിട്ടതിൽ മാരാര് ഒരു സംസ്കാരലോപവും കാണാഞ്ഞത് അതിലെ ഉദ്ദേശ്യശുദ്ധിയോർത്താണല്ലൊ. ഇവിടെ സീതയുടെ ഉദ്ദേശ്യശുദ്ധി അദ്ദേഹം കാണാതെ പോയത്, മറ്റെന്തുവഴിയാണ് അവൾക്കങ്ങായിരുന്നതെന്ന് ആലോചിച്ചു നോക്കാത്തതുകൊണ്ടാവണം.

ദുഃഷന്തൻ

ദുഃഷന്തൻ ശകന്തളയെ കൊട്ടാരത്തിലേക്കു കൊണ്ടുപോകാൻ ആളയക്കാഞ്ഞതിന് മാരാര് കാണുന്ന കാരണം ഇതാണ്. "ഈ ഗാന്ധർവവിവാഹമെന്നത് സ്മൃതിസമ്മതമായ ധർമമാണെങ്കിലും അതിൽ വിവേകത്തിന്നല്ല വികാരത്തിന്നാണല്ലൊ സ്വാഭാവികമായി മുൻകൈയുള്ളത്... ആ അക്ഷമമായ വികാരാവേശം ശാന്തമായപ്പോഴാകട്ടെ, വിവേകം വീണ്ടും പ്രവർത്തനോന്മുഖമായി... കൂട്ടത്തിൽ, അദ്ദേഷ്ടപൂർവയായ ഒരു വനതരുണിയ്ക്കു താൻ രാജ്യം വാഗ്ദാനം ചെയ്തുകളഞ്ഞത് സാഹസമായെന്നും തോന്നിയിരിയ്ക്കാം. ചെയ്ത സത്യം ഏതായാലും ലംഘിച്ചുകൂടാ; എന്നാൽ ശകന്തളയ്ക്ക് അതിന്നുള്ള അർഹതയെ ആവോളം പരീക്ഷിയ്ക്കാവുന്നതാണ്. സൈന്യം ചെല്ലുന്നതുവരെ കാത്തിരിയ്ക്കുക അവളുടെ ചുമതലയാണ്. അതിന്നു താമസിച്ചാൽ, നല്ല തന്റേടമുള്ളവളല്ലെങ്കിൽ, അവൾതന്നെ ആ വാഗ്ദാനത്തെ വ്യർത്ഥമാക്കിക്കൊള്ളും. മറിച്ചെങ്കിൽ ആ ധീരാംഗന രാജ്യമർഹിക്കുകയും ചെയ്യുന്നു." (അഭിജ്ഞാനശാകന്തളം അവതാരിക).

പ്രഥമദർശനാനുരാഗത്തിന്നു പാത്രിയാവുന്ന ഏതു തരുണിയും കമിതാവിന്ന് അദ്ദേഷ്ടപൂർവതന്നെയാണ്. അതുകൊണ്ട് അവളില്ലുണ്ടാവുന്ന സന്തതിയ്ക്ക് സ്വത്തു നൽകുന്നത് സാഹസമാകുമെന്നു തോന്നാറുമില്ല. ദേവവ്രതൻ രാജ്യവകാശമുപേക്ഷിച്ചപ്പോൾ, അദ്ദേഷ്ടപൂർവയായ മൃഗവത്തിപ്പെണ്ണിനെ, അവളില്ലുണ്ടാകുന്ന പുത്രന്ന് രാജ്യം നൽകുമെന്ന വ്യവസ്ഥയിൽ, രാജമഹിഷിയാക്കാൻ ശന്തനു ശങ്കിച്ചില്ലല്ലൊ, ശകന്തളയാകട്ടെ, ഒരു രാജർഷിയ്ക്ക് ഒരു ദേവസ്ത്രീയിൽ പിറന്ന കന്യകയാണ്, മറ്റൊരു മഹർഷിയുടെ വളർത്തുമകളുമാണ്. അർഹതാനർഹതകൾ വാഗ്ദാനത്തിന്നു മുൻപേ നോക്കേണ്ടതാണ്. ശകന്തള രാജമഹിഷിയാവാൻ അർഹയാണെന്നു കണ്ടിട്ടുതന്നെയാണ് ദുഃഷന്തൻ വാഗ്ദാനം ചെയ്തതെന്ന് കവി എടുത്തുപറയുന്നുമുണ്ട്:

> ഏവമാവാമെന്നു ചൊന്നാൻ
> ഭൂവിൻ നാഥനസംശയം
> നിന്നെയെൻ നഗരത്തേക്കു
> നയിപ്പേൻ ഞാൻ ശുചിസ്മിതേ
> ആ സ്ഥാനത്തിന്നർഹയാം നീ
> സത്യം ചൊല്ലുന്നു ഞാനെടോ

എല്ലാറ്റിനും മീതേ, രാജ്യം നൽകേണ്ടതു് ശകന്തളയ്ക്കല്ല, പുത്രനാണ്. അവൻ രാജസന്തതിയാണെന്ന ഒറ്റക്കാരണംകൊണ്ടുതന്നെ അതിനർഹനുമാണ്.

രാജകുമാരന്മാരെ, വിദ്യാഭ്യാസ പ്രായമായാൽ, ഏതെങ്കിലും ഋഷിയുടെ ആശ്രമത്തിൽ പാർപ്പിച്ച് വിദ്യാഭ്യാസം നൽകിപ്പോന്ന കാലമാണത്. അതുകൊണ്ട്, ആശ്രമത്തിൽവെച്ച് നടന്ന ഗാന്ധർവവിവാഹത്തിൽ തനിയ്ക്കുണ്ടാകുന്ന പുത്രൻ വിദ്യാഭ്യാസം കഴിയുംവരെ അമ്മയോടൊപ്പം അവിടെത്തന്നെ കഴിഞ്ഞോട്ടെ എന്നു കരുതിയതാവാം ദുഃഷന്തൻ.

കർണ്ണൻ

ദന്തഗോപുരത്തിലെ 'ഇതിഹാസകഥാപാത്രങ്ങൾ' എന്ന ലേഖനത്തിൽ മാരാരെഴുതുന്നു: "ഒരു സുഹൃത്തെന്ന നിലയിൽ ദുര്യോധനനെക്കാൾ ശ്രേഷ്ഠനായ ഒരാൾ ഭാരതത്തിലുണ്ടെങ്കിൽ അത് അയാളുടെ സുഹൃത്തായ കർണൻമാത്രമാണ്."

ഒരാളെ നന്മയിലേക്കു നയിക്കുകയും തിന്മയിൽനിന്ന് പിൻതിരിപ്പിക്കുകയും ചെയ്യുന്നവനാണ് അയാളുടെ സുഹൃത്ത്; ആപത്തിൽ തുണയ്ക്കുന്നവനും. കർണൻ ദുര്യോധനന്റെ ദുഷ്കർമങ്ങൾക്ക് കൂട്ടുനിന്നിട്ടേയുള്ളൂ, അത് സുഹൃദ്ധർമമല്ല എന്നറിഞ്ഞുകൊണ്ടുതന്നെ. ദുര്യോധനപ്രീതിക്കുവേണ്ടി പാണ്ഡവരോട് കടുപ്പം പറഞ്ഞതിൽ തനിയ്ക്ക് പശ്ചാത്താപമുണ്ടെന്ന് ഏതാനും നാൾ മുമ്പ് പറഞ്ഞ കർണൻ താൻ അത്ര നിർദോഷനല്ലെന്നും ഭീഷ്മന്റെ ശകാരം തീരെ അകാരണമല്ലെന്നും ഓർക്കേണ്ടതല്ലേ? അങ്ങനെ, അനുഗ്രഹാർഥിയായിച്ചെന്നപ്പോഴും കർണന്റെ മനസ്സിൽ ഭീഷ്മന്റെ നേർക്ക് അൽപം കറ ബാക്കിയായിരുന്നു, ജയോപായമാരാഞ്ഞപ്പോഴും യുധിഷ്ഠിരന്റെ മനസ്സിൽ തെല്ലും ശത്രുതയില്ലായിരുന്നു. സ്നേഹാദരങ്ങളേ ഉണ്ടായിരുന്നുള്ളൂ. ആരിലാണ് ഭാവശുദ്ധി കൂടുതൽ? അഥവാ, ബന്ധുമിത്രാദികളുടെ ആശ്വാസത്തിനുവേണ്ടി സ്വയം നരകയാതന സഹിക്കാൻ തയ്യാറായ യുധിഷ്ഠിരനെവിടെ, മിത്രത്തിനുവേണ്ടി ഒരു വൃദ്ധന്റെ ശകാരം പോലും സഹിക്കാൻ തയ്യാറില്ലാതെ അയാളെ ആപത്തിൽ കൈയൊഴിഞ്ഞ കർണനെവിടെ?

□

വി. വി. ഗോവിന്ദൻനായർ



ജനനം: 1942, അച്ഛൻ: വി. ഗോവിന്ദൻ നായർ, അമ്മ: വി. വി. നാരായണി, കൊൽക്കത്തയിലെ രാമകൃഷ്ണ മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിൽ നിന്ന് സംസ്കൃതത്തിലും ബംഗാളിയിലും ഡിപ്ലോമ.

കൃതികൾ: ഗുരുദക്ഷിണ, സീതാകാവ്യചർച്ച, മാരാരുടെ കൂടെ, സാഹിതീ സപര്യ, ധർമജിജ്ഞാസ (പഠനങ്ങൾ), ഗീതാധ്യാനം (വ്യാഖ്യാനം), ഒരമ്മ പെറ്റ മക്കൾ (ബാല സാഹിത്യം).

പരിഭാഷ: പൂർണകുംഭം, അപരാജിതൻ, പഥേർ പാഞ്ചാലി (ബംഗാളിയിൽനിന്ന്).

പത്നി: ഉമാ നായർ, മക്കൾ: കൃഷ്ണപ്രസാദ്, അഭിജിത്ത്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>